'ഭരണഭാഷ-മാതൃഭാഷ'

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - വയനാട് ജില്ല ഇൻഷ്വറൻസ് ഓഫീസിൽ സീനിയർ ക്ലാർക്ക് ശ്രീമതി.പ്രവിത.പി.പി-യുടെ ചികിത്സാ ഇനത്തിലുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.3367/2024/ധന** **തീയതി, തിരുവനന്തപുരം, 15/04/2024**

---

പരാമർശം :- 1. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 07.08.2023, 30/10/2023 തീയതിയിലെ ഇൻഷ/എസ്റ്റാ/ഇ 2/റ്റി 002105838 നം കത്ത്.

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.06.2023 ലെ എം.ആർ 6- 53286/2022/ ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ വയനാട് ജില്ല ഇൻഷ്വറൻസ് ഓഫീസിൽ സീനിയർ ക്ലാർക്ക് ആയ ശ്രീമതി.പ്രവിത.പി.പി-യുടെ Acute Calculous Cholecystitis ചികിത്സയ്ക്ക് 21.04.2021 മുതൽ 24.04.2021 വരെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചെലവായ തുകയായ 1,03,666/- രൂപയുടെ ബില്ലുകളും അനുബന്ധരേഖകളും അനുവദനീയമായ തുക മെഡിക്കൽ റീഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന ശുപാർശ സഹിതം പരാമർശം (1 ) ലെ കത്ത് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിന്മേലുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,03,666/-രൂപ അനുവദനീയമാണെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് കണ്ടെത്തിയ തുകയായ 1,03,666/-രൂപയുടെ 80 ശതമാനമായ 82,933/-രൂപ (എൺപത്തി രണ്ടായിരത്തി തൊള്ളായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) വയനാട് ജില്ല ഇൻഷ്വറൻസ് ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പ്രവിത.പി.പി യുടെ ചികിത്സാ ഇനത്തിൽ പ്രതിപൂരണം ചെയ്ത് ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് '2235-60-110-99-01 (4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് (Non-Plan)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പുനഃപരിശോധനയിൽ അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷക പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി. ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം. ഇ : 2537034/എസ്റ്റാ-ഡി4/83/2023-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ